**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1215 — 1.7.2015- ൽ മറുപടിക്ക്

## സ്വർണ്ണത്തിന്റെ പരിശുദ്ധി പരിശോധന

| ചോദ്യം<br>ശ്രീ. കെ. ശിവദാസൻ നായർ | ഉത്തരം<br>അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| (എ) സ്വർണ്ണത്തിന്റെ പരിശുദ്ധി പരിശോധിക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പിന്റെ നിലവിലെ സംവിധാനം വിശദമാക്കുമോ ; | (എ) സ്വർണ്ണത്തിന്റെ പരിശുദ്ധി പരിശോധിക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പിന് എറണാകുളം ജില്ലയിലെ കാക്കനാട് സ്വർണ്ണ ഗുണമേന്മ പരിശോധനാ ലാബ് ഉണ്ട്. ഇവിടെ രണ്ട് വിധത്തിൽ ഉള്ള പരിശോധനകൾ നടത്തി വരുന്നുണ്ട്.<br>1) X-Ray Fluorescent Spectrometer (XRF) മെഷീൻ ഉപയോഗിച്ചുള്ള നോൺ ഡിസ്ട്രക്റ്റീവ് മെതേഡ് പ്രകാരമുള്ള സ്വർണ്ണ ഗുണമേന്മ നിശ്ചയിക്കൽ.<br>2) ഫയർ അസ്സേ മേതേഡിൽ അധിഷ്ഠിതമായ ഡിസ്ട്രക്റ്റീവ് മെതേഡ് പ്രകാരമുള്ള ഗുണമേന്മ നിർണ്ണയിക്കൽ. |
| (ബി) സ്വർണ്ണത്തിന്റെ പരിശുദ്ധി അനുസരിച്ച് (കാരറ്റ്) വില നിശ്ചയിക്കണമെന്ന ചട്ടം പല സ്വർണ്ണക്കടകളും പാലിക്കാറില്ലെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വർണ്ണം വിൽക്കുന്ന സമയത്ത് സ്വർണ്ണക്കടക്കാർ ഉപഭോക്താക്കൾക്ക് നൽകുന്ന ബില്ലിൽ കാരറ്റ് ചേർത്തിരിക്കണം എന്ന ചട്ടം നിലവിൽ ഉണ്ട്. ഇത് ലംഘിക്കുന്ന സ്വർണ്ണക്കടകൾക്കെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ